## കേരള സംസ്ഥാന ഡ്രഗ്സ് കൺട്രോളറുടെ നടപടി ഉത്തരവ്

വിഷയം- ജീവനക്കാര്യം - ഡ്രഗ്സ് കൺട്രോൾ വകുപ്പ്- ശ്രീമതി.ലത.കെ, സീനിയർ ക്ലാർക്കിന് അന്യത്ര സേവനം അവസാനിപ്പിച്ച് മാതൃവകുപ്പിലേയ്ക്ക് തിരികെ ജോലിയിൽ പ്രവേശിക്കാൻ അനുവാദം നൽകുന്നത്-സംബന്ധിച്ച്.

---

ഉത്തരവ് നം.ഇ1.15605/15/ഡി.സി                    തിരുവനന്തപുരം, തീയതി: 16/01/2016.

---

പരാമർശം:-(1) 31/12/2015 ലെ സർവ്വ ശിക്ഷാ അഭിയാൻ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ എ4.3857/2013/53എ നമ്പർ ഉത്തരവ്.

(2) ശ്രീമതി.കെ.ലതയുടെ 25 /11/15 ലെ അപേക്ഷ.

### ഉത്തരവ്

അന്യത്ര സേവന വ്യവസ്ഥയിൽ സർവ്വ ശിക്ഷാ അഭിയാൻ കോഴിക്കോട് ജില്ലാ പ്രോജക്ട് ഓഫീസിൽ സീനിയർ ക്ലാർക്കായി ജോലി നോക്കുന്ന ഈ വകുപ്പിലെ സീനിയർ ക്ലാർക്ക് ശ്രീമതി.കെ.ലത അന്യത്ര സേവനം അവസാനിപ്പിച്ച് 18/01/2016 ന് അപരാഹ്നത്തിൽ വിടുതൽ ചെയ്യുമെന്ന് പരാമർശം (1) പ്രകാരം സർവ്വ ശിക്ഷാ അഭിയാൻ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ തിരിച്ച് ജോലിയിൽ പ്രവേശിക്കുന്നതിന് ശ്രീമതി. കെ.ലത സൂചന (2) പ്രകാരം അപേക്ഷ നൽകിയിട്ടുണ്ട്.

ശ്രീമതി.കെ.ലതയുടെ അപേക്ഷ പരിഗണിച്ച് ടിയാൾക്ക് മലപ്പുറം ഡ്രഗ്സ് ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ നിലവിലുള്ള ക്ലാർക്ക് തസ്തികയിലെ ഒഴിവിൽ ജോലിയിൽ പ്രവേശിക്കുന്നതിന് അനുവാദം നൽകി ഉത്തരവാകുന്നു.

ഒപ്പ്/-
പി.ഹരിപ്രസാദ്
ഡ്രഗ്സ് കൺട്രോളർ

ശ്രീമതി.ലത.കെ,
സീനിയർ ക്ലാർക്ക്.
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ കാര്യാലയം,
സർവ്വ ശിക്ഷാ അഭിയാൻ,
കോഴിക്കോട്.

പകർപ്പ്:-1. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സർവ്വ ശിക്ഷാ അഭിയാൻ, തിരുവനന്തപുരം.
2.പ്രോജക്ട് ഓഫീസർ, സർവ്വശിക്ഷാ അഭിയാൻ, കോഴിക്കോട്.
3.അസിസ്ററന്റ് ഡ്രഗ്സ് കൺട്രോളർ, കോഴിക്കോട്.
4.ഡ്രഗ്സ് ഇൻസ്പെക്ടറുടെ കാര്യാലയം, മലപ്പുറം.
5.ജൂനിയർ സൂപ്രണ്ട്/സീനിയർ സൂപ്രണ്ട് 6.കരുതൽ ഫയൽ

ഉത്തരവിൻപ്രകാരം,

OFFICE OF THE DRUGS CONTROLLER
Date..........
Thiruvananthapuram

സീനിയർ സൂപ്രണ്ട്.